**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 1950 14.07.2011 ൽ മറുപടിക്ക്

**പൊന്നാനി മേഖലയിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി. ശ്രീരാമകൃഷ്ണൻ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പൊന്നാനി മേഖലയിലെ വാട്ടർ അതോറിററിയുടെ സമ്പൂർണ്ണ കുടിവെള്ള വിതരണ പദ്ധതിയുടെ സർവ്വേ നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ; | (എ) പൊന്നാനി മേഖലയിലെ കുടിവെള്ള വിതരണ പദ്ധതിയുടെ സർവ്വേ പൂർത്തിയായി വിശദമായ എഞ്ചിനീയറിഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) ചമ്രവട്ടം റെഗുലേററർ കം ബ്രിഡ്ജ് പദ്ധതിയുമായി ബന്ധപ്പെട്ട് സമ്പൂർണ്ണ കുടിവെള്ള വിതരണ പദ്ധതി എന്ന് പൂർത്തീകരിക്കുവാനാകും, അതിന് തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര തുക ; | (ബി) പൊന്നാനി മുനിസിപ്പാലിററിയ്ക്കും പരിസര പ്രദേശത്തിനും പ്രയോജനപ്പെടുന്ന പദ്ധതി തയ്യാറാക്കിയതിനു ശേഷം മാത്രമേ, ധനലഭ്യത ഉറപ്പു വരുത്തുന്നതിന് വിവിധ ഏജൻസികളെ സമീപിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) മലബാർ മേഖലയിലെ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച എം.ഐ.ആർ.ഡി.എ. എന്ന സമഗ്ര പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ? | (സി) മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി 209 ലിഫ്ററ് ഇറിഗേഷൻ പ്രവൃത്തികൾക്കും, ചെക്ക് ഡാം, റെഗുലേററർ, വി.സി.ബി. എന്നിവയുടെ നിർമ്മാണം, അററകുററപണികൾ എന്നീ 209 പ്രവൃത്തികൾക്കും കുററ്യാടി ജലസേചന പദ്ധതിയുടെ ആധുനികവൽക്കരണത്തിനും പുനരുദ്ധാരണത്തിനുമായി 203 പ്രവൃത്തികൾക്കും ഭരണാനുമതി ലഭിച്ചു. ഇതിൽ 170 പ്രവൃത്തികൾ പൂർത്തിയാക്കുകയും ബാക്കി പ്രവൃത്തികളെല്ലാം നിർവ്വഹണത്തിൻെറ വിവിധ ഘട്ടങ്ങളിലുമാണ്. കുററ്യാടി പദ്ധതിക്ക് മലബാർ ഇറിഗേഷൻ പാക്കേജിൽ (MIRPA) ഉൾപ്പെടുത്തി കനാലുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും വേണ്ടി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒന്നാം ഘട്ടമായി ഭരണാനുമതി ലഭിച്ച 20 |

കോടി രൂപയുടെ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. രണ്ടാം ഘട്ടത്തിൽ ഭരണാനുമതി ലഭിച്ച 15 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മൂന്നാം ഘട്ടത്തിലേക്കായി 15 കോടി രൂപയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ